സംഘർഷാന്തരീക്ഷം നിയന്ത്രണ വിധേയമാക്കുന്നതിനുവേണ്ടിയാണ് വെടിവയ്പ്പ് നടത്തിയത്. വെടിവയ്പ്പിന്റെ ഫലമായി ആർക്കും ജീവഹാനി സംഭവിക്കുകയോ മാരകമായ പരിക്കുകൾ ഏൽക്കുകയോ ചെയ്തിട്ടില്ല.

ലോക്കപ്പ് മർദ്ദനങ്ങൾ

72(1550)ശ്രീ. വി.ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര ലോക്കപ്പ് മർദ്ദനങ്ങളും പോലീസ് കസ്റ്റഡിയിൽ വച്ചുള്ള മർദ്ദനങ്ങളും ഉണ്ടായിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(സി) സസ്പെന്റു ചെയ്യപ്പെട്ട പോലീസുകാരിൽ എത്ര പേരെ തിരിച്ചെടുത്തു എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 11 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 25 പോലീസ് ഉദ്യോഗസ്ഥന്മാരെ സർവീസിൽ നിന്ന് സസ്പെന്റു ചെയ്തു.

(സി) ഇതിൽ 15 പേരെ തിരികെ സർവീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

കൊല്ലം ഡി.സി.സി. ഓഫീസിലെ അക്രമം സംബന്ധിച്ച്

73 (1552)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഡി.സി.സി. ഓഫീസിൽ കയറി അക്രമം നടത്തുകയും കോൺഗ്രസ് പ്രവർത്തകരേയും സി.പി.ഐ. പ്രവർത്തകരേയും മർദ്ദിക്കുകയും ചെയ്ത സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ടേംസ് ഓഫ് റഫറൻസിനെക്കുറിച്ച് ബന്ധപ്പെട്ട കക്ഷികളുമായി ആലോചിച്ച് തീരുമാനിക്കുവാൻ തയ്യാറാകുമോ;

(സി) ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ)-(സി) കൊല്ലത്ത് 19.1.2000 - ന് എ.ഐ.എസ്.എഫ് മാർച്ചിനു നേരെയും 7.2.2000-ന് യൂത്ത് കോൺഗ്രസ് മാർച്ചിനു നേരേയും ഉണ്ടായതായി ആരോപിക്കപ്പെട്ട പോലീസ് അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. കെ. പി. നാരായണൻ നായരെ അന്വേഷണ കമ്മീഷനായി 18.2.2000 -ത്തിന് നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും 26.2.2000-ത്തിലെ വിജ്ഞാപന പ്രകാരം കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly